# അമേരിക്കൻ കഥകൾ

## മിനികഥകൾ പത്ത്

ജോയിക്കുട്ടി,

അന്നച്ചി, മഹാദേവന്റെ കൂടെ ഉണ്ടായിരുന്ന ഔസേപ്പിന്റെ കഥയാണ് ഇപ്പോൾ പറയാൻ പോകുന്നത്. രണ്ടുപേരും സ്റ്റുഡന്റ്സ് വിസായിലാണ് വന്നത്. രണ്ടു പേരും മെഡിക്കൽ സയൻസിൽ ബഹു മിടുക്കരാണ്. മഹാദേവന്റെ വിവാഹം നടക്കുന്നതിനു മുമ്പ് ഔസേപ്പിന്റെ വിവാഹമാണ് നടന്നത്.

അന്നച്ചിയുടെ വെല്ല്യപ്പച്ചന്റെ ചേട്ടന്റെ മകന്റെ മകളാണ് ലാലി. അന്നച്ചിയും ലാലിയും ഏകദേശം ഒരേ പ്രായമാണ്. അന്നച്ചി നേഴ്സിംഗ് പഠിക്കാൻ പോയ ശേഷം ഒരു വർഷം കഴിഞ്ഞ് കേരളത്തിൽ വന്നപ്പോഴാണ് അവളുടെ അപ്പൻ അവളെ അന്നച്ചിയുടെ കൂടെ പറഞ്ഞയച്ചത്. ''ഈ പെണ്ണ് ഇവിടെ നിന്നാൽ പിഴച്ചു പോകും. നിന്റെ കൂടെ കൊണ്ടു പോയ് എന്തെങ്കിലും ചെയ്യ്. അവളെ നേഴ്സിംഗിനു വിടേണ്ട ആവശ്യം ഇല്ല. എന്നാൽ അവൾ കേരളത്തിൽ നിന്നാൽ പിഴച്ചു പോകുമെന്ന് പറഞ്ഞത് വാസ്തവമാണ്.

ഏകദേശം അഞ്ചടി പൊക്കം; നല്ല വണ്ണം, വലിയ രണ്ടു മുലകൾ, വലിയ നിതംബം; എല്ലാം കൂടെ അവളെ കണ്ടാൽ ഒരാനചന്തമുണ്ട്. അവൾ പഠിക്കാൻ മിടുക്കി ആയിരുന്നു. നേഴ്സിംഗ് വിദ്യാർത്ഥി ആയി തുടങ്ങിയപ്പോൾ തന്നെ അവളെ കണ്ടാൽ ഒരു നേഴ്സ് അല്ലങ്കിൽ ഡോക്ടർ എന്ന് ആരും തെറ്റിദ്ധരിച്ചു പോകും. കൂടെ ഉള്ളവരും എല്ലാം അവളെ സിസ്റ്ററേ എന്നറിയാതെ വിളിച്ചു പോയി. നേഴ്സിംഗ് പഠിക്കുന്നവരെ സിസ്റ്ററേ എന്നു വിളിക്കുന്നത് കേൾക്കാൻ അവക്ക് വലിയ സന്തോഷമാണ്. പഠിച്ചു കൊണ്ടിരുന്നപ്പോൾ ജോലി ചെയ്യുമ്പോൾ, രോഗികളും അവരുടെ കൂടെ നിൽക്കുന്ന ബന്ധുക്കൾക്കും അവളെ വലിയ സ്നേഹമായിരുന്നു. അവൾ ചികിത്സിക്കുന്ന രോഗികളുടെ രോഗം പെട്ടന്ന് സൗഖ്യം പ്രാപിക്കുമായിരുന്നു. എന്തായാലും അവൾ പഠിച്ചു പാസാകുന്നതിന് മുമ്പ് അവൾക്ക് ആ ആശുപത്രിയിൽ തന്നെ ജോലിയും കിട്ടി. കൂടാതെ അവിടുത്തെ ഹോസ്റ്റലിൽ പ്രത്യേകം മുറിയും സൗകര്യങ്ങളും നൽകി. അങ്ങിനെ സാധാരണ ആർക്കും കിട്ടാറില്ല.

അവൾ ആർഭാടമായി അവിടെ അടിച്ചു പൊളിച്ചു ജീവിച്ചു. ആ സമയങ്ങളിൽ അവിടെ നേഴ്സിംഗ് പഠിക്കാൻ വരുന്ന കൊച്ചു, കിളിന്ന പെൺപിള്ളേരെ അവൾവിളിച്ച് അവളുടെ കൂടെ താമസിപ്പിക്കും. കൂടെ താമസിക്കുന്നവക്ക് പരമ സുഖമാണ്. അവൾ എല്ലാ ദിവസവും ആട്ടിറച്ചിയുടെ കരളും മറ്റും വറുത്തും, അതല്ലങ്കിൽ നല്ല വല്ല്യ പച്ച മീൻ വറത്തോ എല്ലാം സുഭിച്ചമായി ഭക്ഷണം കഴിക്കും. എപ്പോഴും ആ മുറിയൽ ആപ്പിളും, പഴവും മറ്റും ധാരാളമുണ്ടായിരിക്കും. പക്ഷേ, കൂടെ താമസിക്കാൻ വരുന്നവരെ ആദ്യ രാത്രിയിൽ തന്നെ കൂടെ കിടത്തും; അതും നൂൽ വസ്ത്രം ഇല്ലാതെ. രണ്ടു പേരും അങ്ങിനെ കെട്ടിപ്പിടിച്ച് കിടക്കും. അങ്ങിനെ കിടക്കുന്നത് ആരോഗ്യപരമായി നല്ലതാണെന്ന് ആരോഗ്യ ശാസ്ത്രത്തിൽ പറഞ്ഞിട്ടുണ്ടെസ്റ്റ് പറഞ്ഞു പഠിപ്പിക്കും. ആ കിടപ്പിൽ കാണിക്കേണ്ട എല്ലാ കുസൃതികളും. കാണിക്കും. നാട്ടിൻ പുറത്തു നിന്നു വരുന്ന ലജ്ജാവതികളായ പെൺപിള്ളേരുടെ നാണവും കിക്കിളിയും എല്ലാം മാറ്റും. ലാലിയെ എല്ലാവ;രും ചേച്ചി, ലാലിചേച്ചി എന്നാണ് വിളിച്ചിരുന്നത്.

അന്നച്ചി അമേരിക്കയിൽ പോയി ഏകദേശം രണ്ടു വർഷം കഴിഞ്ഞപ്പോൾ ലാലിയുടെ അപ്പൻ അവളെ ഫോണിൽ വിളിച്ച്, ലാലിയെ കൂടെ അമേരിക്കയിൽ കൊണ്ടു പോകണമെന്നാവശ്യപ്പെട്ടു. അവൾക്ക് ചെയ്യാതിരിക്കാൻ പറ്റത്തില്ല. അങ്ങിനെ അന്നച്ചിയുടെ പരിപൂർണ്ണ സഹായത്തോടെ ലാലിചേച്ചിയെ അമേരിക്കയിൽ എത്തിച്ചു. ലാലി, അവളുടെ കൂടെ താമസിപ്പിച്ചിരുന്ന പെൺപിള്ളേരെ എല്ലാം, ഓരോന്നായി അമേരിക്കയിൽ എത്തിച്ച് അവളുടെ കൂടെ താമസിപ്പിച്ചു. അങ്ങിനെ നാനാ ജാതി മതസ്ഥരെ അവൾ അമേരിക്കയിൽ എത്തിച്ചു.

ഈ കാലഘട്ടത്തിലാണ് ഔസേപ്പ് വിവാഹം കഴിക്കാൻ നിർബന്ധിതനായത്. അതല്ലങ്കിൽ മടങ്ങി നാട്ടിൽ പോകേണ്ടി വരും. അങ്ങിനെ, ലാലിയെ വിവാഹം ചെയ്യാൻ നിർബന്ധിതനായി. ലാലി ഒരിക്കലും വിചാരിച്ചില്ല അവൾ വിവാഹം കഴിക്കുമെന്ന്. അവളുടെ ആകാരം ആ വിധമായിരുന്നു. ഓസേപ്പിനേക്കാൾ അഞ്ചു വയസ് പ്രായം കൂടുതൽ അവൾക്കുണ്ട്. അതൊന്നും അയാൾ സാരമാക്കിയില്ല. അയാൾ രക്ഷിക്കപ്പെട്ട ക്രൈസ്തവവിശ്വാസിയാണെന്നുള്ള കാര്യം അവളും ഗണ്യമാക്കിയില്ല. അങ്ങിനെ അമേരിക്കയിൽ വെച്ചു തന്നെ അവർ വിവാഹിതരായി.

അവൾ അമേരിക്കയിൽ വന്ന് അഞ്ചു വർഷമായപ്പോൾ തന്നെ അമേരിക്കൻ പൗരത്വം എടുത്തു. ഉടനെ തന്നെ അവളുടെ ഒരാങ്ങളേയും രണ്ട് അനിയത്തിമാരേയും അമേരിക്കയിൽ വരുത്താനുള്ള പേപ്പർ പണികളെല്ലാം ചെയ്തു. ഔസേപ്പ് തീരെ വണ്ണമില്ലാത്ത നല്ല സുന്ദരനായിരുന്നു. അയാൾ അവളുടെ സൗന്ദര്യമല്ല നോക്കിയത്; ആ സമയത്തെ രക്ഷ. കൂടാതെ അവൾ നല്ല സ്വഭാവക്കാരിയാണ്. അയാൾ പുകവലിയോ മദ്യപാനിയോ ഒന്നുമല്ല. അങ്ങിനെ യാതൊരു ദുർ നടപ്പും ഇല്ല വിവാഹം കഴിഞ്ഞ് വലിയ താമസം കൂടാതെ അവളുടെ അറിവുകൾ എല്ലാം അയാളേയും പഠിപ്പിച്ചു. എന്തെങ്കിലും ആയിക്കോട്ട്; അവൾ സന്തോഷവതിയായി ഇരിക്കട്ടെ എന്നയാളും കരുതി. അയാളും അമേരിക്കയിലെ പൗരത്വം സ്വീകരിച്ച്, അയാളുടെ അമ്മയേയും പതിനൊന്ന് സഹോദരങ്ങളേയും അമേരിക്കയിൽ കൊണ്ടു വരാനുള്ള പണികളെല്ലാം ചെയ്തു.

മഹാദേവൻ വിവാഹം കഴിക്കുന്നതിനു മുമ്പ് പ്രിയ കൂട്ടുകാരന്റെ വീട്ടിൽ ഒരു രാത്രി താമസിക്കാനിടയായി. അപ്പോൾ ലാലി പറഞ്ഞ വാക്കുകൾ അയാൾ കേൾക്കാൻ ഇടയായി. ''ഇങ്ങിനെയുള്ളപന്നംപിടച്ചവരെഒന്നും വീട്ടിൽ താമസിപ്പിക്കാൻ പറയരുത്'' വർഷങ്ങൾ പലതും കഴിഞ്ഞ് മഹാദേവൻ അമേരിക്കയിൽ അപ്പോൾ താമസിക്കുന്ന സ്ഥലത്തെ ഗവർണ്ണരായപ്പോൾ, ഔസേപ്പ് ആ വാക്കുകൾ ഓർമ്മിച്ചു. അതു പോലെ ഔസേപ്പിന്റെ പതിനൊന്നു സഹോദരങ്ങളും അമ്മയും കൂടെ വന്നപ്പോഴും അവൾ പറഞ്ഞു: ഈ പടയേ എല്ലാം എത്രയും പെട്ടെന്ന് ഇവിടെ നിന്നും മാറ്റി തരേണമെന്ന്. ജോണിക്കുട്ടിയുടെ സഹായത്തേടെ, അയാൾ താമസിച്ചിരുന്ന ആ റോഡിൽ തന്നെ ഒരു വീട് വളരെ തുഛമായ വിലക്കു വാങ്ങി അവരെ എല്ലാം അവിടാക്കി. ഇതിനിടയിൽ ലാലിയുടെ ഇളയ സഹോദരനും രണ്ടനിയത്തിമാരും വന്ന് മാറി താമസിച്ചു. എല്ലാവരും നല്ല നിലയിലെത്തി.

വർഷങ്ങൾ പലതു കടന്നു പോയി പെട്ടെന്ന്. ഔസേപ്പും ലാലിയും മക്കളും എല്ലാം കൂടെ ആ വർഷവും നടക്കുന്ന അവരുടെ സഭയുടെ ഫാമിലി കോൺഫ്രൻസിന് പോയ് മടങ്ങി വരുമ്പോൾ വലിയ ഒരപകടം ഉണ്ടായി; അവർ യാത്ര ചെയ്തിരുന്ന വലിയ വാൻ മറിഞ്ഞു. ദൈവകൃപയാൽ എല്ലാവരും രക്ഷപെട്ടു; പക്ഷേ, ലാലിയുടെ നടുവിന്റെ അരയ്ക്കു താഴെ തളന്നു. പിന്നീടുള്ള അവളുടെ ജീവിത കാലം മുഴുവനും വീൽചെയറിലായി അവളുടെ ജീവിതം. എന്നാലും അവളുടെ അഹങ്കാരത്തിനു യാതൊരു കുറവുമില്ല. പഴയ സുഹൃത്തുക്കളും എല്ലാം വളരെ സഹതാപത്തോടെ അവളെ നോക്കി. ''ആയ കാലത്ത് ഞാൻ സുഖിച്ചു; ഇന്നെനിക്കു പരാതി ഇല്ല''അവൾ പറഞ്ഞ് സമാശ്വാസമായി.